**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3771 — 20.10.2016- ൽ മറുപടിയ്ക്ക്

**<u>പാലക്കാട് ഐ.ഐ.റ്റി.യ്ക്ക് സ്ഥലം</u>**

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) പാലക്കാട് ഐ.ഐ.റ്റി.യ്ക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് അനന്തമായി നീണ്ടുപോവുന്നു എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; എങ്കിൽ സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ഇല്ല |
| (ബി) പ്രസ്തുത ഐ.ഐ.റ്റി.യ്ക്ക് എത്ര ഏക്കർ സ്ഥലമാണ് ആവശ്യമുള്ളത്; അതിൽ എത്ര ഏറ്റെടുത്തു; മിച്ചഭൂമി ഏറ്റെടുക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ബി) പാലക്കാട് ജില്ലയിൽ ഐ.ഐ.ടി യ്ക്കുവേണ്ടി 504.54 ഏക്കർ സ്ഥലമാണ് ആവശ്യമുള്ളത്. ആയതിൽ സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കേണ്ട 367.87 ഏക്കർ ഭൂമിയിൽ 317.77 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. 21.56 ഏക്കർ ഭൂമി കൈവശക്കാർ സമ്മതപത്രം നൽകിയിട്ടില്ലാത്തതിനാലും, 23.62 ഏക്കർ ഭൂമി കൈവശക്കാർ തമ്മിൽ സ്വത്ത് തർക്കകേസ് കോടതിയിൽ നിലനിൽക്കുന്നതിനാലും ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. 4.92 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടപടി സ്വീകരിച്ചു കൊണ്ടിരിക്കുന്നു. 21.84 ഏക്കർ പഞ്ചായത്ത് ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചുവരുന്നു. 70.02 ഏക്കർ സർക്കാർ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. 44.81 ഏക്കർ വനഭൂമിയ്ക്ക് പകരമായി 89.62 ഏക്കർ ഭൂമി കണ്ടെത്തുകയും, ടി ഭൂമിയുടെ സർവ്വെ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിൽ എത്തിയിട്ടുള്ളതുമാണ്. ഐ.ഐ.ടി യ്ക്കുവേണ്ടി മിച്ചഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ